To
FMIS
PRO

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.24.09.2018

### കാവുകൾക്കു ധനസഹായം: അപേക്ഷ ക്ഷണിച്ചു

കാവുകൾ സംരക്ഷിച്ച് പരിപാലിക്കുന്നതിനായി 2018-19 വർഷത്തിൽ സമ്പത്തിക സഹായം ലഭിക്കുന്നതിന് വനം-വന്യജീവി വകുപ്പ് അപേക്ഷകൾ ക്ഷണിച്ചു. വ്യക്തികൾ, ദേവസ്വം ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കാവുകൾക്കാണ് ധസഹായം ലഭിക്കുക. തിരുവനന്തപുരം ജില്ലയിലെ താൽപര്യമുള്ളവർ കാവിന്റെ വിസ്തൃതി, ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ, കാവിന്റെ സ്കച്ച് എന്നിവ സഹിതം അസി.കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി വിഭാഗം, പി.ടി.പി. നഗർ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കണം. മുൻപ് ധനസഹായം ലഭിച്ച കാവുടമകൾ അപേക്ഷിക്കേണ്ടതില്ല. അവസാന തീയതി സെപ്റ്റംബർ 30.

### വനമിത്ര അവാർഡ്: സെപ്റ്റംബർബർ 30 വരെ അപേക്ഷിക്കാം

ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ പ്രവർത്തനങ്ങൾക്ക് വനം-വന്യജീവി വകുപ്പ് വനമിത്ര അവാർഡ് നൽകുന്നു. 25,000 രൂപയും ഫലകവുമടങ്ങുന്നതാണ് അവാർഡ്. കണ്ടൽക്കാടുകൾ, കാവുകൾ, ഔഷധ സസ്യങ്ങൾ, കൃഷി, ജൈവവൈവിധ്യം മുതലായവ പരിരക്ഷിക്കുന്ന പ്രവർത്തനങ്ങൾക്കാണ് അവാർഡ്. തിരുവനന്തപുരം ജില്ലയിലെ വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കർഷകർ എന്നിവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ സെപ്റ്റ്ബർ 30 ന് മുൻപ് അസി. കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി വിഭാഗം പി.ടി.പി. നഗർ, തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കണം.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

FIBPR-28/18